**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2449** **12-12-2022 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം എസ് അരുൺ കുമാർ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | നെല്ല് സംഭരണത്തിന് ഭക്ഷ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (എ) | 2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>1. നെല്ല് സംഭരണ പദ്ധതി നടപ്പിലാക്കുന്നതിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെടാൻ താൽപ്പര്യമുള്ള മില്ലുകളെ കണ്ടെത്തുന്നതിനായി പത്ര മാധ്യമങ്ങൾ വഴി 2022 ജൂലൈ മാസം താൽപ്പര്യപത്രം ക്ഷണിച്ചു.<br><br>2. ഒന്നാംവിള (വിരിപ്പ്) നെല്ല് സംഭരണത്തിനായുള്ള കർഷക രജിസ്ട്രേഷനുവേണ്ടി വെബ് സൈറ്റ് (www.supplycopaddy.in) 2022 ആഗസ്റ്റ് ഒന്നുമുതൽ കർഷകർക്ക് തുറന്നു കൊടുക്കുകയും ഇത് സംബന്ധിച്ച് മാധ്യമങ്ങൾ വഴിയും കൃഷി വകുപ്പ് വഴിയും കർഷകരെ അറിയിക്കുകയും ചെയ്തു.<br><br>3. മില്ലുടമകളുമായി കരാറിൽ ഏർപ്പെട്ടശേഷം 30.09.2022 മുതൽ നെല്ല് സംഭരണം ആരംഭിച്ചു.<br><br>4. ഒന്നാംവിള നെല്ല് സംഭരണം തുടർന്നുവരുന്നു. 06.12.2022 തീയതി വരെ 39563 കർഷകരിൽ നിന്നായി 115410 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.<br><br>5. രണ്ടാംവിള നെല്ല് സംഭരണം 2023 ജനുവരി 1 മുതൽ ആരംഭിക്കും. 2023 ജൂൺ മാസത്തോടെ 2022-23 സീസണിലെ നെല്ല് സംഭരണം അവസാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ